പട്ടികളുടെ പ്രസവരോഗങ്ങൾ ചികിത്സിച്ചു ഭേദമാക്കുന്നതിൽ ഹോമിയോപ്പതി ഔഷധങ്ങൾ അത്യന്തം ഫലപ്രദങ്ങളാണെന്ന് താൻ പരീക്ഷിച്ചു ബോധ്യപ്പെട്ടിട്ടുള്ളതായി ഡോ. ഡബ്ലിയു പറയുന്നു. ഗർഭപാത്രത്തിന്റെ പ്രവർത്തനമാന്ദ്യം (ഇനെർഷ്യ), ഫാലോപ്പിയൻ ട്യൂബിലെ നീർവീക്കം എന്നീ രോഗങ്ങൾക്ക് ഹോമിയോപ്പതി ചികിത്സ വളരെ നന്ന്.

അതേസമയം, എല്ലാ രോഗങ്ങളും ഹോമിയോപ്പതികൊണ്ട് ചികിത്സിക്കാൻ സാധ്യമല്ലെന്നും ഡോ. ഡബ്ലിയു സമ്മതിക്കുന്നു. ചില രോഗങ്ങൾക്ക ശസ്ത്രക്രിയമാത്രമേ പ്രതിവിധിയായുള്ളു. ബാക്ടീരിയ മൂലമുണ്ടാകുന്ന ചില രോഗങ്ങളിൽ അലോപ്പതിയിലെ ആന്റിബയോട്ടിക് ഔഷധങ്ങൾതന്നെ കൊടുക്കണം.

പശുക്കൾക്കുണ്ടാകുന്ന അകിടുവീക്കം മുതലായ രോഗങ്ങൾക്ക് ഹോമിയോപ്പതി ചികിത്സയാണു പററിയതു്. കാരണം, അത്തരം രോഗങ്ങൾക്ക് അലോപ്പതിമുറയിലുള്ള ഔഷധങ്ങൾ കൊടുത്താൽ, ചികിത്സ നടക്കുമ്പോഴും പിന്നീട് പല ദിവസങ്ങളോളവും, പാലിൽ ഈ ഔഷധങ്ങൾ കലന്നിരിക്കും. ഹോമിയോപ്പതിമരുന്നുകൾ പരമാവധി നേർപ്പിച്ചവയാകയാൽ, അവ പാലിൽ കടന്നുകൂടി ദോഷം ഉളവാക്കുകയില്ല.

ഭാവിയിൽ മൃഗചികിത്സയിൽ ഹോമിയോപ്പതി ഔഷധങ്ങൾ വർദ്ധമാനമായ തോതിൽ ഉപയോഗിക്കപ്പെടാൻ സാധ്യതയുണ്ടെന്ന് 'ജർമ്മൻ ട്രൈബ്യൂ'ണിലെ ലേഖനം അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു.

കേരള കാർഷിക സർവ്വകലാശാലയിലെ വെറററിനറി കോളേജിലെ വിദഗ്ദ്ധരുടെ ശ്രദ്ധ ഈ വിഷയത്തിലേക്കു ഞാൻ ക്ഷണിക്കുന്നു. ആയുർവേദവിധിപ്രകാരമുള്ള മൃഗചികിത്സയും കേരളത്തിൽ മുമ്പ് നല്ല പ്രചാരമുണ്ടായിരുന്നു. അലോപ്പതിയും ഹോമിയോപ്പതിയും ആയുർവേദവും യഥായോഗ്യം ഉപയോഗപ്പെടുത്തി ഉദ്ഗ്രഥിതമായ ഒരു മൃഗചികിത്സാസമ്പ്രദായം എന്തുകൊണ്ട് ഇവിടെ വളർത്തിയെടുത്തുകൂടാ?

21 ഒക്ടോബർ 1984

# 79. മൃഗങ്ങളുടെ അന്തസ്സ്

ഇന്ത്യയുടെ പ്രശസ്തി വിദേശങ്ങളിൽ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ് ഇപ്പോൾ ഫ്രാൻസിലും അമേരിക്കയിലും 'ഒരു വർഷം നീണ്ട ഭാരത മഹോത്സവം' (ഇന്ത്യ ഫെസ്റ്റിവൽ) നടത്തിക്കൊണ്ടിരിക്കുന്നതു്. പ്രതിമകളുടെയും ചിത്രങ്ങളുടെയും മററും പ്രദർശനങ്ങൾ, സംഗീത–നൃത്ത–ഫിലിം പ്രകടനങ്ങൾ മുതലായവയാണ് ഈ മഹോത്സവത്തിൽ പ്രാധാന്യമെങ്കിലും, ഫ്രാൻസിന്റെ തലസ്ഥാനമായ പാരീസ്സിൽ പ്രധാനമന്ത്രി രാജീവ്ഗാന്ധി അതു് ഉദ്ഘാടനംചെയ്തപ്പോൾ ഇന്ത്യയിൽനിന്ന് തെരുവുകലാകാരന്മാരുടെ ഒരു സംഘത്തെക്കൂടി അങ്ങോട്ടയച്ചിരുന്നു—കായികാഭ്യാസികൾ, ഇന്ദ്രജാലപ്രകടനക്കാർ, കൂട്ടത്തിൽ ഒരു കരടിക്കളിക്കാരനും.

പാമ്പുകളെ കളിപ്പിച്ച് കാഴ്ചക്കാരോട് പണം ചോദിക്കുന്ന പാമ്പാട്ടികളെ കേരളത്തിലെ നഗരങ്ങളുടെ തെരുവുമൂലകളിൽ ഇപ്പോഴും കാണാമല്ലോ. ചിലർ കരടികളെ ചെറുപ്പത്തിൽ പിടിച്ചു മെരുക്കി, അവയെക്കൊണ്ടു പല വിദ്യകളും ഉത്തരേന്ത്യൻ നഗരങ്ങളിലെ തെരുവുകളിൽ പ്രദർശിപ്പിച്ച്, കാഴ്ചക്കാർ നൽകുന്ന പണം വാങ്ങി ഉപജീവിച്ചു വരുന്നു.

മൂക്കു തുളച്ച വളയത്തിൽ കോർത്ത ചരടു പിടിച്ചു കരടികളെ നടത്തിക്കൊണ്ടു പോകുന്നതു് ദൽഹിയിൽ ധാരാളമായി കാണാവുന്ന ഒരു കാഴ്ചയാണു്. ഇത്തരത്തിൽപ്പെട്ട ഒരു കരടികളിക്കാരനെയാണു്, ഫ്രഞ്ചുകാരുടെ വിനോദത്തെ കരുതി, ഇന്ത്യാഗവണ്മെൻറ് പാരീസ്സിലേക്കു് അയച്ചതു്.

മനുഷ്യരുടെ അറിവു് വർധിപ്പിക്കാനെന്ന പേരിൽ മൃഗങ്ങളെ ഹിംസിക്കുന്നതിനും, വിനോദത്തിനെന്ന പേരിൽ അവയുടെ അന്തസ്സു നശിപ്പിക്കുന്നതിനും എതിരായ ഒരു പ്രസ്ഥാനം പാശ്ചാത്യരാജ്യങ്ങളിൽ ശക്തിപ്പെട്ടു വരുകയാണു്. സ്ത്രീമുക്തി (വിമെൻസ് ലിബറേഷൻ) പ്രസ്ഥാനംപോലെ ഒരു 'മൃഗമുക്തി' (അനിമൽ ലിബറേഷൻ) പ്രസ്ഥാനം ഫ്രാൻസിലുണ്ടു്. ഈ പ്രസ്ഥാനത്തിൽ അംഗങ്ങളായ ചിലർക്കു് പാരീസ് തെരുവുകളിൽ ഇന്ത്യൻ കരടി നടത്തുന്ന അടിമത്തപ്രകടനങ്ങൾ ആ മൃഗത്തിൻെറ അന്തസ്സിനു തീരെ നിരക്കാത്തവയാണെന്നു തോന്നി. ഫലം: ഒരു ദിവസം രാത്രി ആ കരടി അപ്രത്യക്ഷമായി. കരടികളിക്കാരൻ കരയാൻ തുടങ്ങി. തൻെറ ഓമനക്കരടി താൻ കൊടുത്ത ഭക്ഷണമേ കഴിക്കൂ എന്നും, തന്നെ കാണാതെ അതു പട്ടിണി കിടന്നു ചാവും എന്നുമായിരുന്നു അയാളുടെ ഭയം. മൃഗമുക്തിപ്രസ്ഥാനക്കാരാകട്ടെ, അടിമത്തത്തിൽനിന്നു മോചനം നേടിയ കരടിയെ വീണ്ടും അടിമത്തത്തിലേക്കു വിട്ടുകൊടുക്കാൻ തയ്യാറായതുമില്ല. ഒടുവിൽ ഫ്രഞ്ചുഗവണ്മെൻറ് ഈ പ്രശ്നത്തിൽ ഇടപെട്ടു. വളരെ ദിവസത്തെ തിരച്ചിലിനുശേഷം, ഫ്രാൻസിലെ ഒരു വിദൂരഗ്രാമത്തിൽ ഈ കരടിയെ ഫ്രഞ്ചുപോലീസുകാർ കണ്ടെത്തി. ഈ സംഭവം യൂറോപ്യൻ പത്രങ്ങളിൽ വലിയ വാർത്തയായി. ഇന്ത്യ, പണ്ടു യൂറോപ്യർ വിശ്വസിച്ചിരുന്നപോലെ, ഇപ്പോഴും പാമ്പാട്ടികളുടെയും കരടികളിക്കാരുടെയും ഇന്ദ്രജാലക്കാരുടെയും പട്ടിണിക്കാരുടെയും വേശ്യകളുടെയും ഒക്കെ നാടാണു്—പരമദരിദ്രമായ ഒരു പ്രാകൃതരാജ്യം! സ്വാതന്ത്ര്യലാഭത്തെത്തുടർന്നു് മഹാരാജാക്കന്മാർ മാത്രമേ ഇന്ത്യയിൽ ഇല്ലാതായിട്ടുള്ളൂ! അങ്ങനെ, ഇന്ത്യയുടെ പുരോഗതി യൂറോപ്പിൽ പ്രദർശിപ്പിക്കാൻ വളരെ ചെലവുചെയ്തു സംഘടിപ്പിക്കപ്പെട്ട ഭാരതമഹോത്സവം, ഒരു കരടിനിമിത്തം, യൂറോപ്പിൽ ഇന്ത്യയുടെ അപരിഷ്കൃതത്വവും സംസ്കാരശൂന്യതയും ദാരിദ്ര്യവും വിളംബരംചെയ്യുന്നതിനാണു് ഉപകരിച്ചതെന്നു് പത്രങ്ങൾ പറയുന്നു. പത്രങ്ങൾക്കു സത്യം പറഞ്ഞുകൂടെന്നുമില്ല.

മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ചെയ്യുന്നതിലേറെ പരിശ്രമം ഇക്കാലത്തു് മൃഗാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ചെയ്യുന്നുണ്ടു് എന്ന വാദത്തിൽ അർത്ഥമില്ലായ്കയില്ല. മനുഷ്യൻ മനുഷ്യനോടു കാട്ടുന്നതിനേക്കാൾ വലിയ ക്രൂരത ഇപ്പോൾ മൃഗത്തോടു കാണിക്കുന്നുണ്ടു്. പക്ഷേ, മനുഷ്യരും മൃഗങ്ങളും ഏകോദരസഹോദരങ്ങളെപ്പോലെ ഒത്തിണങ്ങി കഴിഞ്ഞുവന്ന ഒരു സുവർണ്ണകാലത്തെപ്പററിയുള്ള ഐതിഹ്യങ്ങൾ എല്ലാ ജനതകൾക്കുമുണ്ടത്രേ. സസ്യഭക്ഷണക്കാരായിരുന്ന മനുഷ്യർ, അന്നു് ആഹാരത്തിനുവേണ്ടി മൃഗ—പക്ഷി—മത്സ്യങ്ങളെ കൊന്നിരുന്നില്ല. മൃഗങ്ങൾ, പക്ഷികൾ, മത്സ്യങ്ങൾ, കീടങ്ങൾ മുതലായവയുടെ ഭാഷ അന്നു് മനുഷ്യൻ അറിഞ്ഞിരുന്നു; മനുഷ്യൻെറ ഭാഷ ഈ ജീവികളും. ഇന്ത്യയിലെ മിക്ക ഋഷികൾക്കും മൃഗങ്ങളുമായി ആശയവിനിമയത്തിനു കഴിവുണ്ടായിരുന്നു എന്നാണല്ലോ നമ്മുടെ വിശ്വാസം. പതിമ്മൂന്നാം ശതകത്തിൽ യൂറോപ്പിൽ ജീവിച്ചിരുന്ന അസ്സീസ്സിയിലെ ഫ്രാൻസിസ് എന്ന പുണ്യവാളനു് ഈ കഴിവുണ്ടായിരുന്നതായി ലോകമെങ്ങുമുള്ള ക്രിസ്ത്യാനികൾ വിശ്വസിക്കുന്നുണ്ടു്. ചട്ടമ്പിസ്വാമികൾക്കു് ഈ ദിവ്യശക്തി ഉണ്ടായിരുന്നുവെന്നു വിശ്വസിക്കുന്നവർ കേരളത്തിൽ കുറവല്ല. പ്രാകൃതമനുഷ്യർ പ്രധാനമായും സസ്യഭക്ഷണമാണു്

കഴിച്ചിരുന്നതു് എന്നതിനു് ജന്തുശാസ്ത്രജ്ഞർ ധാരാളം തെളിവുകൾ നൽകുന്നുണ്ടു്. ഭക്ഷണത്തിനായി ജീവികളെ കൊല്ലേണ്ട ആവശ്യമില്ലാത്തതിനാൽ, പ്രാകൃതമനുഷ്യർ ജീവികളുമായി ഇണങ്ങിയും, അവയോടു് ആശയവിനിമയം നടത്തിയും സമാധാനമായി ജീവിച്ചുവന്നിരിക്കണം.

ആയുധങ്ങൾ ഉണ്ടാക്കി ഉപയോഗിക്കാൻ പഠിച്ചതോടെ മനുഷ്യൻ ക്രമേണ മററു ജീവികളിൽനിന്നു് അകന്നു. കുന്തവും വില്ലും പ്രയോഗിച്ചു് ഏതു ജീവിയെയും കൊല്ലാൻ മനുഷ്യനു കഴിയുമെന്ന നിലവന്നു. ഇതിനെത്തുടർന്നു്, മിക്ക സംസ്കാരങ്ങളിലും, മനുഷ്യന്റെ ഇര മാത്രമാണു് മററു ജീവികളെന്ന വിശ്വാസം പരന്നു. മനുഷ്യനെന്നപോലെ മൃഗങ്ങൾക്കും ആത്മാവുണ്ടെന്ന ധാരണ ഇന്ത്യയിൽ പിറന്ന ഹൈന്ദവ–ബൗദ്ധ–ജൈനമതങ്ങൾ മാത്രമേ ഇപ്പോൾ പുലർത്തുന്നുള്ളു.

'പയ്യീച്ച, പൂച്ച, പുലി, ഞണ്ടലി, പന്നി, പച്ചപ്പയ്യെന്നു തൊട്ടു പല മാതിരിയായ ജന്മം' നയിച്ചശേഷമാണു് ഒരാത്മാവിനു് മനുഷ്യജന്മം കൈവരുന്നതെന്നും, അതിനാൽ എല്ലാ ജീവജാലങ്ങളും ഏകോദര സഹോദരങ്ങളാണെന്നും, വിശ്വസിക്കുന്ന ബൗദ്ധരിലും ഹൈന്ദവരിലും വളരെ വലിയ ഒരു വിഭാഗം മാംസവും മത്സ്യവും ഭക്ഷിക്കുന്നവരാണു്. ജൈനമതവും, ദക്ഷിണേന്ത്യയിൽ ശൈവമതവുമാണു് നിഷ്ഠയോടെ സസ്യമാത്രഭക്ഷണം അനുഷ്ഠിച്ചുവന്നതു്. തമിഴിൽ 'ചൈവം' (ശൈവം) എന്ന വാക്കു് നിർമാംസഭക്ഷണത്തിന്റെ പര്യായമായി ഉപയോഗിക്കപ്പെട്ടിരുന്നു.

ഇപ്പോൾ പല 'പരിഷ്കൃത' രാജ്യങ്ങളിലും സസ്യം മൃഗത്തിന്റെ ഭക്ഷണമാണു്; മനുഷ്യന്റെ ഭക്ഷണമോ, മൃഗവും! ഒരു സാധാരണ ബ്രിട്ടീഷുകാരൻ (ബ്രിട്ടീഷുകാരിയും) ജീവിതകാലത്തു് എട്ടു കാളകളേയും മുപ്പത്താറു പന്നികളേയും മുപ്പത്താറു് ആടുകളേയും അഞ്ഞൂററമ്പതു് പക്ഷികളേയും തിന്നുതീർക്കുമത്രേ—മുട്ടയ്ക്കും മത്സ്യത്തിനും കണക്കില്ല! അമേരിക്കയിൽ കാളമാംസത്തിനു് ബ്രിട്ടനിലേക്കാൾ കൂടുതൽ ചെലവാണു്. കുതിരമാംസത്തെ ഒരു വിശിഷ്ടഭക്ഷണമായി കരുതുന്ന രാജ്യക്കാരുണ്ടു്. വിദൂര പൗരസ്ത്യരാജ്യങ്ങളിൽ നായിറച്ചിക്കു വലിയ പ്രിയമാണു്. ഭക്ഷണത്തിനായി നായയേയും പൂച്ചയേയും കൊല്ലുന്നതു് അടുത്തകാലത്തു് ഫിലിപ്പീൻസിൽ നിയമപ്രകാരം വിലക്കുകയുണ്ടായി. ജീവികളെ വേദനിപ്പിച്ചു കൊന്നാൽ മാംസത്തിനു രുചികൂടുമെന്ന വിശ്വാസം ചിലേടത്തു് ഇല്ലായ്കയില്ല. ജീവനുള്ള കുരങ്ങുകളുടെ തലച്ചോർ തുരന്നെടുത്തു് ദക്ഷിണപൂർവ്വേഷ്യയിലെ രാജകീയവിരുന്നുകളിൽ വിളമ്പാറുണ്ടത്രേ. തലച്ചോറു നൽകിയ കുരങ്ങു് ചാകാതെ സമീപത്തു കിടന്നുപിടയ്ക്കുന്നതു കണ്ടാലേ, അതു തിന്നുന്ന അതിഥിക്കു് പൂർണ്ണതൃപ്തിയാവുകയുള്ളു.

അതു ഭക്ഷണത്തിന്റെ കാര്യം. 'താൻ ചെയ്യേണ്ട അദ്ധ്വാനം മൃഗങ്ങളെക്കൊണ്ടു ചെയ്യിക്കാൻ മനുഷ്യൻ അവയോടു കാണിക്കുന്ന ക്രൂരതയ്ക്കു് അതിരുണ്ടോ? തടി വലിക്കാൻ ആന, നിലം ഉഴാൻ കാളയും പോത്തും, വണ്ടി വലിക്കാൻ കുതിര, ഭാരം ചുമക്കാൻ കഴുത, പാലിനും രോമത്തിനും ആടു്, മുട്ടയ്ക്കു് കോഴിയും താറാവും, ഇറച്ചിക്കു് ഇവയെല്ലാം! സ്വമേധയാ മനുഷ്യന്റെ ദാസ്യം സ്വീകരിച്ച മൃഗമാണോ നായ്? അങ്ങനെയാവാം. പക്ഷേ, മിടുക്കനായ പൂച്ച ഓമനിക്കപ്പെടാനല്ലാതെ മനുഷ്യനു വേണ്ടി അദ്ധ്വാനിക്കാൻ തയ്യാറായില്ല.

മെരുക്കി അടിമപ്പണിക്കു് ഉപയോഗിക്കാൻ കഴിയാത്ത മൃഗങ്ങളെ നിർബന്ധിച്ചും ദ്രോഹിച്ചും സർക്കസ്സുവേലകൾക്കു നിയോഗിക്കുന്നതിലും മനുഷ്യർ ആനന്ദം കണ്ടു. റിങ്ങ്മാസ്റ്ററുടെ ചാട്ടയടിയുടെ ശബ്ദംകേട്ടു വിറച്ചു ചൂളുന്ന സിംഹങ്ങളെയും പുലികളെയുമൊക്കെ കാണുമ്പോൾ, ഈ വനരാജാക്കന്മാരുടെ നഷ്ടപ്പെട്ട അന്തസ്സിനെച്ചൊല്ലി വിലപിക്കുന്നവർ

എത്രയുണ്ടാവും? ഇതുപോലെ, മനുഷ്യർക്ക രോഗനിവാരണത്തിനെന്ന പേരിൽ, രോഗബീജങ്ങളും മരുന്നുകളും വിഷങ്ങളും കുത്തിവെച്ച കൊല്ലപ്പെടുന്ന മൃഗങ്ങളുടെ എണ്ണം, ഈ ശാസ്ത്രീയയുഗത്തിൽ, ആണ്ടോടാണ്ട വർദ്ധിച്ചുവരുകയാണ്. പരീക്ഷണങ്ങൾക്കുവേണ്ടി ഇന്ത്യയിൽനിന്ന കുരങ്ങന്മാരെ വലിയതോതിൽ യൂറോപ്പിലേക്കും അമേരിക്കയിലേക്കും കയററി അയയ്ക്കുന്നത് ഇപ്പോൾ നിരോധിച്ചിട്ടുണ്ട്. എന്നാലും, കോടിക്കണക്കിന മുയലുകളും വെള്ളെലികളും മററു പല ജീവികളും സയൻസ് ലാബറട്ടറികളിൽ ഓരോ ആണ്ടിലും പിടഞ്ഞുമരിക്കുന്നുണ്ട്. മതത്തിന്റെ പേരിൽ ജന്തുഹിംസയെ എതിർക്കുന്നവർപോലും ശാസ്ത്രത്തിന്റെ പേരിൽ നടക്കുന്ന വ്യാപകമായ ജന്തുഹിംസ കണ്ടില്ലെന്ന നടിക്കുന്നു. വെറും വിനോദത്തിനുവേണ്ടി നടത്തുന്ന കാളപ്പോരും, കോഴിപ്പോരും, മുതലായവയും മിക്ക രാജ്യങ്ങളിലും നിരോധിക്കപ്പെട്ടിട്ടില്ല. ചുകപ്പ കാട്ടിയും ബഹളം കൂട്ടിയും കാളയെ വിറളിപിടിപ്പിച്ച്, ഓടിച്ച തളർത്തി, അവസാനം അനങ്ങാൻ കൂട്ടാക്കാതാവുമ്പോൾ (വയ്യാതാവുമ്പോൾ) അതിനെ വാൾ കുത്തിയിറക്കി കൊല്ലുന്ന കാളപ്പോര് സ്പെയിൻകാരുടെ 'ഹരം' ആണ്. പോരിൽ മരിക്കുന്ന കാളയ്ക്ക്, ഏതായാലും, അതിൽ വലിയ രസമൊന്നും അനുഭവപ്പെടാൻ വഴിയില്ല.

മനുഷ്യൻ മൃഗങ്ങളോട കാണിക്കുന്ന അകാരണ ക്രൂരതയ്ക്കെതിരെ, പരിഷ്കൃതരാജ്യങ്ങളിൽ ഉദ്ബുദ്ധമായ ഒരു ന്യൂനപക്ഷം, പ്രചാരവേലകളും പ്രായോഗികനടപടികളും കൈക്കൊണ്ടു തുടങ്ങിയിട്ടുണ്ട്. മനുഷ്യൻ അപഹരിച്ച മൃഗങ്ങളുടെ അന്തസ്സ് അവയ്ക്ക തിരിച്ചുനല്കാനുള്ള ഈ പ്രസ്ഥാനം പലേടത്തും മെല്ലെ കരുത്താർജ്ജിച്ചുവരുകയുമാണ്. ഇക്കഴിഞ്ഞ ഏതാനും മാസങ്ങളിൽ ബ്രിട്ടനിലെ മൃഗമുക്തിവാദികളിൽ ചിലർ അവിടത്തെ പല അറവുശാലകളിലും സയൻസ് ലാബറട്ടറികളിലുംചെന്ന്, പീഡയ്ക്കിരയാവുന്ന മൃഗങ്ങളെ വിമോചിപ്പിക്കുകയുണ്ടായി. ഫ്രാൻസിലെ മൃഗമുക്തിവാദികളാണ് പാരീസിൽ 'ഭാരതമഹോത്സവം' നടത്തിക്കൊണ്ടിരുന്ന കരടിക്കാരന്റെ കൈയിലെ കയറിൽ കുരുങ്ങിക്കിടന്ന കരടിയെ കട്ടുകൊണ്ടുപോയത്.

മനുഷ്യരോട കാട്ടുന്ന ക്രൂരതയിലെന്നപോലെ മൃഗങ്ങളോട കാട്ടുന്ന ക്രൂരതയിലും, അഹിംസയുടെ നാടായ ഇന്ത്യ മററു രാജ്യങ്ങളുടെ പുറകിലാണെന്ന പറഞ്ഞുകൂടാ. ശക്തമായ ഒരു മൃഗശക്തിപ്രസ്ഥാനം ഇന്ത്യയിലും വളർന്നുവരേണ്ടിയിരിക്കുന്നു.

15 സെപ്റ്റംബർ, 1985

# 80. ജാട്ടിൻഗ

അസം സംസ്ഥാനത്തിലെ ജാട്ടിൻഗ എന്ന ഗ്രാമം ജീവശാസ്ത്രത്തിൽ പ്രത്യേകിച്ച് പക്ഷിശാസ്ത്രത്തിൽ (ഓണിത്തോളജി)താല്പര്യമുള്ളവരെ ആകർഷിച്ചുതുടങ്ങിയിട്ട് വളരെ വർഷങ്ങളായി. ആണ്ടുതോറും മഞ്ഞുകാലത്തിന്റെ ആരംഭത്തിൽ പക്ഷികൾ രാത്രികളിൽ കൂട്ടമായി ഇവിടെവന്ന് ആത്മഹത്യ നടത്തുന്ന എന്നതാണ് ജാട്ടിൻഗ ഗ്രാമത്തിന്റെ പ്രസിദ്ധിക്ക് അല്ലെങ്കിൽ കുപ്രസിദ്ധിക്ക്, നിദാനം. ഈ വർഷത്തിൽ സെപ്റ്റംബർ 12, 13, 24, 25 എന്നീ തീയതികളിലാണ് ഏററവും അധികം പക്ഷികൾ ജാട്ടിൻഗയിലെത്തി ആത്മഹത്യചെയ്തത്. ഇരുപത്തഞ്ചാം തീയതി രാത്രി ആയിരത്തിലധികം പക്ഷികൾ ആത്മഹത്യചെയ്യാൻ